## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2747** **17-06-2019-ലെ മറുപടി**

**<u>ജലസമൃദ്ധി പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ. ടി. വി. ഇബ്രാഹിം**<br>**ഡോ.എം. കെ. മുനീർ** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഹരിത കേരള മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ജലസമൃദ്ധി എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) യും (ബി) യും | ഹരിതകേരള മിഷന്റെ ഉപമിഷനായ ജല സമൃദ്ധി എന്ന പദ്ധതി ഹരിതകേരള മിഷന്റെയും ജലവിഭവ വകുപ്പിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ഉപയോഗ സംസ്കാരം രൂപപ്പെടുത്തലാണ് ജലസമൃദ്ധിയുടെ പ്രധാന ഊന്നൽ.<br>സംയോജിത നീർത്തടാടിസ്ഥാനത്തിൽ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി നദീതടാടിസ്ഥാനത്തിൽ ബന്ധിപ്പിച്ച് നദികളുടെ നീരൊഴുക്ക് സ്ഥാപിക്കുക എന്നതാണ് പ്രവർത്തന രീതി. ഈ പ്രവർത്തനത്തിലൂടെ പ്രകൃതി വിഭവ പരിപാലനം ഉറപ്പാക്കാനും സുസ്ഥിര വികസനം സാദ്ധ്യമാക്കാനും സാധിക്കും |
| (ബി) | ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | | |
| (സി) | ഈ പദ്ധതിയുടെ ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്.ഹരിതകേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി സമഗ്ര നീർത്തട പ്ലാനുകൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. 843 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. റിഡ്ജ് ടു വാലി (മുകളിൽ നിന്ന് താഴേയ്ക്ക്) എന്ന സമീപനത്തോടുകൂടി മുൻഗണനാക്രമത്തിൽ ഏറ്റെടുക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യത യനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (ഡി) | ഈ പദ്ധതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഹരിത കേരളത്തിന്റെ ഭാഗമായ ജലസമൃദ്ധി പദ്ധതി സംസ്ഥാന വ്യാപകമായി ആണ് നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**